

എസ് ഹരികിഷോർ ഐ.എ.എസ്

# പ്രതീക്ഷകളോടെ മുന്നോട്ട്

2018 ജനുവരി എട്ടു മുതൽ 25 വരെയുള്ള ദിവസങ്ങളിൽ കുടുംബശ്രീ സംഘടനയുടെ ത്രിതല സമിതികളിലേക്കുള്ള തിരഞ്ഞെടുപ്പ് നടന്ന് പുതിയ ഭാരവാഹികൾ ചുമതലയേറ്റെടുത്തു കഴിഞ്ഞു. സ്ത്രീകൾ നേരിട്ട് പങ്കാളികളായ ബൈലോ പ്രകാരമുള്ള ലളിതമായ തിരഞ്ഞെടപ്പ് രീതിയാണ് കുടുംബശ്രീ സംഘടനാ തിരഞ്ഞെടുപ്പിനായി അവലംബിച്ചത്. 2.77 ലക്ഷം അയൽക്കൂട്ടങ്ങളിലെ ഭാരവാഹികളേയും 19,854 ഏരിയ ഡവലപ്മെന്റ് സൊസൈറ്റിയിലെ അംഗങ്ങളേയും 1073 സി.ഡി.എസ് കമ്മിറ്റി അംഗങ്ങളേയും ചെയർപേഴ്സണേയും തിരഞ്ഞെടുത്തു കഴിഞ്ഞു. ഇനി പ്രവർത്തനത്തിനുള്ള സമയമാണ്.

1998-ൽ രൂപീകരിച്ച കുടുംബശ്രീ 2018-ൽ ഇരുപതു വർഷം പൂർത്തീകരിക്കുകയാണ്. കഴിഞ്ഞ 20 വർഷക്കാലയളവിൽ കാലത്തിനനുസരിച്ച് പല മാറ്റങ്ങളും കുടുംബശ്രീ പ്രസ്ഥാനത്തിനുണ്ടായിട്ടുണ്ട്. പുതിയ പദ്ധതികളും സർക്കാർ ദൗത്യങ്ങളും ഏറ്റെടുക്കുന്നതിൽ കുടുംബശ്രീ എന്നും മുൻകൈ എടുത്തിരുന്നു. ഈ കർമകുശലതയാണ് ഇന്ന് ഏഴ് കേന്ദ്രപദ്ധതികളുടെ നോഡൽ ഏജൻസിയായി കുടുംബശ്രീക്ക് പ്രവർത്തിക്കാൻ അവസരം ലഭിച്ചതെന്ന് മനസിലാക്കി നമുക്ക് അഭിമാനിക്കാം.

പുതിയ ദൗത്യങ്ങളും പദ്ധതികളും ഏറ്റെടുക്കുന്നതോടൊപ്പം കുടുംബശ്രീ സംഘടനാ സംവിധാനത്തിന്റെ ശാക്തീകരണവും നമ്മുടെ വലിയ ചുമതലയിൽപ്പെടുന്നു. ചില സ്ഥലങ്ങളിലെങ്കിലും എ.ഡി.എസ് മീറ്റിംഗുകൾക്ക് പ്രാധാന്യം കുറയുന്നതും അയൽക്കൂട്ട യോഗങ്ങൾ കാര്യക്ഷമമല്ലാതിരിക്കുന്നതും ശ്രദ്ധയിൽപ്പെട്ടതിനാൽ കുടുംബശ്രീയുടെ നട്ടെല്ലായ സംഘടനാ സംവിധാനത്തിന് കരുത്തേകാനും പുതിയ ഭാരവാഹികൾ പ്രത്യേകം ശ്രദ്ധ നൽകണം.

സംഘടനാ സംവിധാനം ശക്തിപ്പെടുത്തി വരുമാന മാർഗം കണ്ടെത്തുന്ന പുതിയ പദ്ധതികൾ തുടങ്ങാൻ വേണ്ടി കുടുംബശ്രീയുടെ പുതിയ നേതൃത്വം താൽപര്യത്തോടെ ഏറ്റെടുക്കേണ്ട 10 ദൗത്യങ്ങൾ താഴെ കൊടുക്കുന്നു. പ്രവർത്തനത്തിന് ഒരു വഴികാട്ടിയാകാൻ ഈ നിർദ്ദേശങ്ങൾ കൊണ്ട് സാധിക്കട്ടെ എന്ന് ആശംസിക്കുന്നു.

**1.** പ്രാദേശിക സർക്കാരുകളുമായി സംയോജനം നടത്തി ദാരിദ്ര്യലഘൂകരണം സാധ്യമാക്കാനാണല്ലോ കുടുംബശ്രീ ലക്ഷ്യമിടുന്നത്. ഇത് യാഥാർഥ്യമാക്കാൻ തദ്ദേശസ്ഥാപനങ്ങളുടെ പദ്ധതിരൂപീകരണത്തിൽ ഓരോ അംഗവും സജീവമായ പങ്കുവഹിക്കേണ്ടതുണ്ട്. വനിതാ ഘടകപദ്ധതി ഉൾപ്പെടെയുള്ള മേഖലകളിൽ പ്രോജക്ടുകൾ നിർദ്ദേശിക്കുകയും പരമാവധി പ്രോജക്ടുകൾ കുടുംബശ്രീ സംഘടനാ സംവിധാനത്തിലൂടെ നടപ്പാക്കാൻ ശ്രമിക്കുകയും വേണം.

**2.** 2018-19 അയൽക്കൂട്ടങ്ങളുടെ വർഷമായി ആചരിക്കാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ അയൽക്കൂട്ടങ്ങളെ ശക്തിപ്പെടുത്താൻ ഓരോ അംഗത്തിന്റെയും പുതിയ ഭാരവാഹികളുടെയും പ്രധാന കടമകളിൽ ഒന്നാണ്. അയൽക്കൂട്ട മീറ്റിംഗുകൾ കൃത്യമായി കൂടുന്നുണ്ടെന്ന് ഉറപ്പാക്കാനും അയൽക്കൂട്ട രജിസ്റ്ററുകൾ കൃത്യമായി എഴുതാനും, ഇടപാടുകൾ ഡിജിറ്റലാക്കുന്ന പദ്ധതി പ്രാവർത്തികമാക്കാനും, ലിങ്കേജ് വായ്പ എടുക്കാത്ത അയൽക്കൂട്ടങ്ങളെ ഇതിന് പ്രേരിപ്പിക്കാനുമൊക്കെയുള്ള പ്രവർത്തനങ്ങൾക്ക് പ്രാധാന്യം നൽകണം.

**3.** ഉപജീവന മാർഗങ്ങൾക്ക് കൂടുതൽ അവസരങ്ങൾ ഉണ്ടാക്കാനും വായ്പകൾ ഉപജീവന മാർഗങ്ങൾക്കായി മുൻഗണനയോടെ നൽകാനും ഓരോ അയൽക്കൂട്ടവും തീരുമാനിക്കേണ്ടതുണ്ട്. ഇത് സാമ്പത്തിക വികസനത്തിനു കൂടുതൽ കരുത്ത് പകരും. ഇതോടൊപ്പം സംരംഭമേഖലയെ ശക്തിപ്പെടുത്താനും സാധിക്കണം. ഓരോ സി.ഡി.എസിലും കുറഞ്ഞത് അഞ്ച് പുതിയ സംരംഭങ്ങൾ

തുടങ്ങാനും നിലവിലുള്ള സംരംഭങ്ങൾക്ക് ആവശ്യമായ കൈത്താങ്ങും വിപണന സഹായവും നൽകാനുള്ള പദ്ധതികൾ ഭാരവാഹികളുടെ പ്രധാന ലക്ഷ്യമായി മാറണം.

**4.** കാർഷിക മൃഗസംരക്ഷണ മേഖലയിൽ വലിയ മാറ്റമാണ് കുടുംബശ്രീയുടെ ഇടപെടലിലൂടെ സാധിച്ചിട്ടുള്ളത്. മൂന്നു ലക്ഷത്തോളം വനിതാ കർഷകരാണ് 60,000 കൃഷിസ്ഥലങ്ങളിലൂടെ പ്രവർത്തിക്കുന്നത്. 15,000-ലധികം മൃഗസംരക്ഷണ സംരംഭങ്ങൾ കുടുംബശ്രീയുടേതായിട്ടുണ്ട്. കാർഷിക മേഖലയിൽ തരിശുരഹിത പഞ്ചായത്ത് എന്ന ആശയം നടപ്പിലാക്കാനും, ജൈവകൃഷിക്ക് പ്രാധാന്യം നൽകി വരുമാനം വർധിപ്പിക്കാനും, മൂല്യവർധിത ഉൽപന്നങ്ങൾ ഉണ്ടാക്കി മെച്ചപ്പെട്ട വിപണനം നടത്താനും പ്രത്യേക താൽപ്പര്യം എടുക്കേണ്ടതുണ്ട്. ഇറച്ചിക്കോഴി വളർത്താൻ വേണ്ടി വിഭാവനം ചെയ്ത "കേരള ചിക്കൻ" പ്രോജക്ടും തെരുവുനായ വന്ധ്യംകരണ പദ്ധതിയായ "എബിസി" പ്രോഗ്രാമും കൂടുതൽ പ്രദേശങ്ങളിലേക്ക് നിങ്ങളുടെ നേതൃത്വത്തിൽ എത്തിക്കേണ്ടതുണ്ട്.

**5.** വിപണിയിൽ കുടുംബശ്രീയുടെ ഇടപെടലും സാന്നിദ്ധ്യവും കുറവാണ്. ഇതിന് ഒരു മാറ്റമുണ്ടാക്കാൻ നമുക്ക് കൂട്ടായി സാധിക്കണം. ഇന്ന് കുടുംബശ്രീ ബസാർ.കോം എന്ന ഓൺലൈൻ പ്ലാറ്റ്ഫോം നിലവിൽ വന്നുകഴിഞ്ഞു. ആഴ്ചതോറും നടക്കുന്ന നാട്ടുചന്തകളിലൂടെയും മാസചന്തകളിലൂടെയും വിപണനം ശക്തമാക്കേണ്ടതിന്റെ കൂടെ സൂപ്പർമാർക്കറ്റുകളും തുടങ്ങാൻ ഈ വർഷം നമുക്ക് സാധിക്കണം.

**6.** തീരദേശ മേഖലയിലും ആദിവാസി മേഖലയിലും കുടുംബശ്രീയുടെ പ്രവർത്തനം കൂടുതൽ കരുത്തോടെ മുന്നോട്ടുകൊണ്ടുപോകണം. തീരദേശ വൊളണ്ടിയർമാരുടെ പ്രവർത്തനം ആറു മാസങ്ങൾക്കു മുമ്പ് തുടങ്ങിയതിന്റെ ഫലങ്ങൾ കണ്ടുതുടങ്ങി. ട്രൈബൽ മേഖലയിൽ വ്യക്തിഗത മൈക്രോപ്ലാനുകൾ ഉണ്ടാക്കാനുള്ള പദ്ധതി കുടുംബശ്രീയേയാണ് ഏൽപ്പിച്ചിട്ടുള്ളത്. ഈ പദ്ധതികൾ നടപ്പിലാക്കി കുടുംബശ്രീ സംഘടനാ സംവിധാനം കൂടുതൽ ശക്തമാക്കാൻ നാം ശ്രദ്ധിക്കണം.

**7.** നഗരങ്ങളിലെ കുടുംബശ്രീ പ്രവർത്തനങ്ങൾക്കും മികച്ച മേൽനോട്ടം നൽകേണ്ടതുണ്ട്. 80,000-ഓളം വീടുകൾക്ക് കുടുംബശ്രീയുടെ നേതൃത്വത്തിൽ പി.എം.എ.വൈ പദ്ധതിയിൽ അനുമതി ലഭിച്ചതിന്റെ നിർമാണം പൂർത്തിയാക്കാൻ പുതിയ ഭാരവാഹികൾ പ്രത്യേക താൽപ്പര്യമെടുക്കണം. കുടുംബശ്രീ നിർമാണ ഗ്രൂപ്പുകളും ഇഷ്ടിക നിർമാണ ഗ്രൂപ്പുകളും ശക്തിപ്പെടുത്തി തൊഴിലുറപ്പ് പദ്ധതിയുമായി സംയോജിപ്പിച്ച് നൂതന സാങ്കേതിക വിദ്യക്ക് പ്രാധാന്യം നൽകി വീടുകളുടെ നിർമാണം സമയബന്ധിതമായി പൂർത്തിയാക്കണം. കൂടാതെ ഉപജീവന പദ്ധതികൾക്ക് നഗരങ്ങളിൽ ധാരാളം അവസരങ്ങൾ ഉള്ളത് കുടുംബശ്രീ പ്രവർത്തനങ്ങൾക്ക് ലഭ്യമാക്കാനും പുതിയ സംരംഭങ്ങൾ പ്രത്യേകിച്ച് സേവന മേഖലയിൽ തുടങ്ങാനും ശ്രദ്ധ നൽകണം.

**8.** മൊബൈൽ ആപ്ലിക്കേഷൻ വഴി പൂർണമായും ഡിജിറ്റലായ അഗതിരഹിത കേരളം സർവ്വേ പൂർത്തിയായ സാഹചര്യത്തിൽ പഞ്ചായത്തുകളുടെ പ്രോജക്ടുകൾ പാസ്സാക്കാനും തുടർന്ന് മികച്ച സേവനം ഓരോ അഗതി കുടുംബത്തിനും ലഭിക്കുന്നു എന്ന് ഉറപ്പിക്കാനും പുതിയ ഭാരവാഹികൾ പ്രത്യേക നേതൃത്വം നൽകണം. കൂടാതെ 400 പഞ്ചായത്തുകളിൽ ബഡ്സ് സ്കൂളുകൾ പ്രവർത്തനം തുടങ്ങുന്നുവെന്ന് ഉറപ്പിക്കാൻ പുതിയ ഭാരവാഹികൾക്ക് സാധിക്കണം.

**9.** സമാനതകളില്ലാത്ത നേട്ടമാണ് സ്ത്രീ ശാക്തീകരണ രംഗത്ത് കുടുംബശ്രീ കൈവരിച്ചിരിക്കുന്നത്. കുടുംബശ്രീയുടെ ജെൻഡർ പ്രോഗ്രാമുകളിൽ പ്രധാനപ്പെട്ട സ്ത്രീ സ്വയംപഠന പ്രക്രിയയുടെ അടുത്തഘട്ടം മെയ് മാസം മുതൽ തുടങ്ങുന്നതിന് തീരുമാനിച്ചിട്ടുണ്ട്. കൂടാതെ മറ്റു പ്രവർത്തനങ്ങളായ വൾണറബിലിറ്റി മാപ്പിംഗ്, വിജിലന്റ് ഗ്രൂപ്പുകൾ ശക്തമാക്കൽ, കമ്മ്യൂണിറ്റി കൗൺസലിംഗ്, ജി.കെ.സികളുടെ സ്ഥാപനങ്ങളും മേൽനോട്ടവും തുടങ്ങിയവയ്ക്ക് മികച്ച നേതൃത്വം നൽകാൻ പുതിയ ഭാരവാഹികൾ ശ്രദ്ധിക്കണം.

10. ഡി.ഡി.യു.ജി.കെ.വൈ പദ്ധതിയിലൂടെ ഈ വർഷം 20,000 പേർക്ക് നൈപുണ്യ പരിശീലനം നൽകി ജോലി നൽകുവാൻ ഒരു വലിയ അവസരം കുടുംബശ്രീക്ക് ലഭിച്ചിരിക്കുന്നു. ഇത് അർഹരിലെത്തുന്നുണ്ടെന്നും താൽപര്യമുള്ളവർക്ക് അവസരം ലഭിക്കുന്നുവെന്നും ഉറപ്പാക്കാനും നമുക്ക് സാധിക്കണം.

എഡിറ്റോറിയലിന്റെ സ്ഥലപരിമിതിമൂലം ഓരോ മേഖലയിലെയും ഏറ്റവും പ്രധാനപ്പെട്ട ലക്ഷ്യങ്ങൾ മാത്രമാണ് ഇവിടെ കുറിച്ചിട്ടുള്ളത്. സർക്കാരിന്റെ നാല് മിഷനുകളുമായി സംയോജിച്ച് പ്രവർത്തിക്കാനും സേവനരംഗത്ത് കരുത്തുറ്റ സാന്നിധ്യമാകാനും, അശരണർക്ക് കരുത്താകാനും അർഹരായ എല്ലാവരിലേക്കും സഹായമെത്തിക്കാനും, സ്വയംപര്യാപ്തത കൈവരിക്കാനുമൊക്കെ സി.ഡി.എസുകൾക്കും ത്രിതല സംഘടനാ സംവിധാനത്തിനും സാധിക്കണം. നേതൃത്വ മികവിനായി ലഭിച്ച അവസരം പുതിയ സാധ്യതകൾ കണ്ടെത്തി, മികച്ച പ്രവർത്തനം നടത്തി, കുടുംബശ്രീയുടെ ലക്ഷ്യങ്ങൾ നിറവേറ്റാനുള്ള ഒരു നിയോഗവും കടമയുമായി കണ്ട് ഓരോ അംഗവും പ്രവർത്തിക്കണം.

എല്ലാ ആശംസകളും.